# കേരളസർവകലാശാല

നം.പി.ആർ.257/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2021 ജനറൽ/സംവരണ വിഭാഗങ്ങൾക്ക് (SC/ ST വിഭാഗങ്ങൾ ഉൾപ്പടെ) സ്പോട്ട് അലോട്ട്മെന്റ് – തിരുവനന്തപുരം, കൊല്ലം മേഖല – ഡിസംബർ 14 , 15 തീയതികളിലും ആലപ്പുഴ മേഖല ഡിസംബർ 16നും പുതിയ രജിസ്ട്രേഷനും പ്രൊഫൈൽ തിരുത്തുവാനുമുള്ള അപേക്ഷ ഡിസംബർ 12 വരെ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ/യു.ഐ.റ്റി./ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ ഒന്നാം വർഷ ബിരുദാനന്തരബിരുദകോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് ജനറൽ/സംവരണ വിഭാഗങ്ങൾക്ക് (SC/ ST വിഭാഗങ്ങൾ ഉൾപ്പടെ) മേഖല തലത്തിൽ സ്പോട്ട്അലോട്ട്മെന്റ് നടത്തുന്നു. തിരുവനന്തപുരം, കൊല്ലം മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 14, 15 തീയതികളിലും ആലപ്പുഴ മേഖലയിലുള്ള കോളേജുകളുടെ സ്പോട്ട് അലോട്ട്മെന്റ് ഡിസംബർ 16നും നടത്തുന്നതാണ്. വിശദമായ ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.

*SC/ ST വിഭാഗത്തിലെ ഒഴിവുകൾ അതേ വിഭാഗത്തിലെ വിദ്യാർത്ഥികളെ പരിഗണിച്ച് ആദ്യമേ നികത്തുന്നതാണ്.

തിരുവനന്തപുരം & കൊല്ലം മേഖല

**December 14 – MSc & MCom**
**December 15 – All MA Programmes**

ആലപ്പുഴ മേഖല

**December 16 - All PG Programmes**

വിദ്യാർത്ഥികൾ ഓപ്ഷൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് സഹിതം താഴെ പറയുന്ന സെന്ററിൽ രാവിലെ 10 മണിക്ക് മുൻപായി റിപ്പോർട്ട് ചെയ്യണം. രജിസ്ട്രേഷൻ സമയം 8 മണി മുതൽ 10 മണി വരെ. ടി സമയം കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളു. മേഖലാടിസ്ഥാനത്തിലുള്ള സെന്ററുകൾ താഴെ പറയുന്നവയാണ്

- തിരുവനന്തപുരം – യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം
- കൊല്ലം – എസ്. എൻ കോളേജ്, കൊല്ലം
- ആലപ്പുഴ – മാർ ഗ്രിഗോറിയസ് കോളേജ്, പുന്നപ്ര, ആലപ്പുഴ

നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യതയും ജാതിയും (Non-creamy Layer, SC-ST, EWS) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ

ഉണ്ടായിരിക്കണം. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. ഇതുവരെ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് സ്പോട്ട്അലോട്ട്മെന്റിൽ അഡ്മിഷൻ ലഭിക്കുകയാണെങ്കിൽ സർവകലാശാല അഡ്മിഷൻ ഫീസിനത്തിൽ (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 300 രൂപ, ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1030 രൂപ) അടയ്ക്കേണ്ടതാണ്. ഇതിനായി പ്രത്യേക സമയം അനുവദിക്കുന്നതല്ല. മുമ്പ് സർവകലാശാല അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.പുതിയ രജിസ്ട്രേഷനും പ്രൊഫൈൽ തിരുത്തുവാനുമുള്ള അപേക്ഷ ഡിസംബർ 12 വരെ.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## കേരളസർവകലാശാല ബിരുദാനന്തരബിരുദ പ്രവേശനം 2021
## സ്പോർട്സ് ക്വാട്ട പ്രവേശനം

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്കുള്ള സ്പോർട്സ്ക്വാട്ട പ്രവേശനത്തിന് ഓൺലൈനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തിയായി.

വിദ്യാർത്ഥികൾക്ക് തങ്ങളുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് വെരിഫിക്കേഷൻ സ്റ്റാറ്റസ് നോക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് പരാതിയുള്ളവർ 2021 ഡിസംബർ 14 നകം രേഖാമൂലം (ഇ-മെയിൽ: onlineadmission@keralauniversity.ac.in) പരാതി നൽകണം. ഈ പരാതികൾ പരിഗണിച്ച ശേഷം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും.

## ബിരുദ പ്രവേശനം 2021
## എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റിക്വാട്ട സീറ്റുകളിലേക്കുപ്രവേശനം
## അവസാന ഘട്ട കൗൺസിലിംഗ് ഡിസംബർ 13 മുതൽ 15 വരെ

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ബിരുദ കോഴ്സുകളിലേക്കുള്ള കമ്മ്യൂണിറ്റിക്വാട്ട സീറ്റുകളിലെ അവസാന ഘട്ട കൗൺസിലിംഗ് ഡിസംബർ 13 മുതൽ 15 വരെ വരെ നടത്തുന്നതാണ്. കമ്മ്യൂണിറ്റിക്വാട്ട റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഈ ഘട്ടത്തിൽ കൗൺസിലിംഗിന് പങ്കെടുക്കാവുന്നതാണ്. (റാങ്ക്ലിസ്റ്റിനായി പ്രൊഫൈൽ സന്ദർശിക്കുക). വിദ്യാർത്ഥികൾ അഡ്മിഷൻ വെബ്സൈറ്റിൽ നൽകിയിട്ടുള്ള schedule പ്രകാരം 10.30 ന് മുമ്പായി പ്രസ്തുത കോളേജിൽ ഹാജരാകേണ്ടതാണ്. ആദ്യ ഘട്ടത്തിൽ റിപ്പോർട്ട് ചെയ്തിട്ടും അഡ്മിഷൻ ലഭിക്കാത്തവരെ പരിഗണിച്ചതിനുശേഷം മാത്രമേ മറ്റുള്ളവരെ പരിഗണിക്കുകയുള്ളൂ. നിലവിലുള്ള റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികളെ പരിഗണിച്ചതിനുശേഷം മാത്രമേ സപ്ലിമെന്ററി റാങ്ക് ലിസ്റ്റിലുള്ള വിദ്യാർത്ഥികളെ പരിഗണിക്കുകയുള്ളൂ. ആദ്യ ഘട്ടത്തിൽ കൗൺസിലിംഗിന് കോളേജിൽ ഹാജരാകാത്തവരെ വീണ്ടും പരിഗണിക്കുന്നതല്ല. കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിലെ ഒഴിവുകളുടെ വിവരങ്ങളും കോളേജുകളിലെ ഓരോ കോഴ്സുകളുടെ അഡ്മിഷൻ തീയതിയും വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. കൗൺസിലിംഗിന് പങ്കെടുത്തതുകൊണ്ടു മാത്രം സീറ്റ് ഉറപ്പാകുന്നില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.

എല്ലാ കോളേജുകളിലും ഒരു കോഴ്സിന് ഒരേ ഷെഡ്യൂളിൽ തന്നെയാണ് കൗൺസിലിംഗ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളിലെ റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിംഗിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താം. പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട authorization letter എന്നിവ ഹാജരാക്കണം. റാങ്ക് അനുസരിച്ചാണ് കൗൺസിലിംഗ്,

റാങ്ക് വിളിക്കുന്ന സമയം വിദ്യാർത്ഥിയോ പ്രതിനിധിയോ ഹാജരായില്ല എങ്കിൽ റാങ്ക്ലിസ്റ്റിലെ അടുത്ത ആളിനെ വിളിക്കുന്നതാണ്. പിന്നീട് ആ വിദ്യാർത്ഥിക്ക് ആ സീറ്റ് ആവശ്യപ്പെടാൻ സാധിക്കില്ല.

അഡ്മിഷന് ഹാജരാകുന്ന വിദ്യാർത്ഥികൾ എല്ലാ സർട്ടിഫിക്കറ്റുകളുടേയും അസ്സൽ ഹാജരാക്കേണ്ടതാണ്. പ്രതിനിധി ഹാജരാകുന്ന കോളേജിലാണ് അഡ്മിഷൻ ലഭിക്കുന്നതെങ്കിൽ പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ വിദ്യാർത്ഥി നേരിട്ടെത്തി അസ്സൽ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ ഏതെങ്കിലും കോളേജിൽ അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾ അഡ്മിറ്റ് മെമ്മോ ഹാജരാക്കണം. അങ്ങനെയുള്ളവർ കമ്മ്യൂണിറ്റിക്വാട്ടയിൽ അഡ്മിഷൻ ലഭിക്കുന്ന പക്ഷം പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും ടി.സി.യും മറ്റു സർട്ടിഫിക്കറ്റുകളും വാങ്ങി അഡ്മിഷൻ നടപടികൾ പൂർത്തിയാക്കേണ്ടതാണ്. പ്രിൻസിപ്പാൾ അനുവദിക്കുന്ന സമയത്തിനുള്ളിൽ അഡ്മിഷൻ നടപടി പൂർത്തിയാക്കാത്തവരുടെ സീറ്റ് ഒഴിവുള്ളതായി പരിഗണിക്കുന്നതും അടുത്ത ഘട്ടത്തിലെ കൗൺസിലിംഗിൽ നികത്തുന്നതുമാണ്. അവരെ പിന്നീട് യാതൊരു കാരണവശാലും ആ സീറ്റിലേക്ക് പരിഗണിക്കുന്നതല്ല. വിശദ വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക.

(പ്രത്യേക കുറിപ്പ്: എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## വൈവാവോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം 2021 ഫെബ്രുവരിയിൽ നടത്തിയ അവസാന വർഷ എം.കോം. സപ്ലിമെന്ററി പരീക്ഷയുടെയും, 2021 ആഗസ്റ്റിൽ നടത്തിയ അവസാന വർഷ എം.കോം. പ്രൈവറ്റ് രജിസ്ട്രേഷൻ (2016 അഡ്മിഷൻ – അന്വൽ സ്കീം) സപ്ലിമെന്ററി പരീക്ഷയുടെയും വൈവാ വോസി 2021 ഡിസംബർ 20 ന് രാവിലെ 10 മണി മുതൽ കാര്യവട്ടം വിദൂരവിദ്യാഭ്യാസപഠനകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരള സർവകലാശാല 2022 ജനുവരിയിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആൻഡ് ടെക്നോളജി (PGDGIST) പരീക്ഷയ്ക്ക് പിഴകൂടാതെ 2021 ഡിസംബർ 18 വരെയും 150 രൂപ പിഴയോടെ ഡിസംബർ 22 വരെയും 400 രൂപ പിഴയോടെ ഡിസംബർ 24 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 ജനുവരി 5 ന് ആരംഭിക്കുന്ന ഒന്നും രണ്ടും സെമസ്റ്റർ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ മെഡിക്കൽ സയൻസ് (PGDBS) പരീക്ഷയ്ക്ക് പിഴകൂടാതെ 2021 ഡിസംബർ 18 വരെയും 150 രൂപ പിഴയോടെ ഡിസംബർ 22 വരെയും 400 രൂപ പിഴയോടെ ഡിസംബർ 24 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയുടെ പഠനവകുപ്പുകളിൽ എം.കോം. ബ്ലൂ ഇക്കോണമി ആന്റ് മാരിടൈം ലോ, എം.എസ്സി. അപ്ലൈഡ് സൈക്കോളജി എന്നീ പ്രോഗ്രാമുകൾക്ക് 2021–23 ബാച്ച് അഡ്മിഷനു SC സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2021 ഡിസംബർ 13 ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ് .

കേരളസർവകലാശാലയുടെ മലയാളം പഠനവകുപ്പിൽ എം.എ. മലയാളം പ്രോഗ്രാമിന് 2021–23 ബാച്ച് അഡ്മിഷന് ST സീറ്റ് ഒഴിവുണ്ട്. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2021 ഡിസംബർ 13 ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

കേരളസർവകലാശാലയുടെ കീഴിലുള്ള കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിൽ രണ്ടാം വർഷ ബി.ടെക്. കോഴ്സിലെ (ഇ.സി, സി.എസ് ,ഐ.ടി) ഒഴിവുള്ള ലാറ്ററൽ എൻട്രി സീറ്റുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ 2021 ഡിസംബർ 15 ന് കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾക്ക് www.ucek.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 9037119776, 9388011160, 9447125125

## സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ്, സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല തുടർവിദ്യാഭ്യാസവ്യാപനകേന്ദ്രത്തിന്റെ അംഗീകാരത്തോടെ ശാസ്താംകോട്ട കെ.എസ്.എം. ഡി.ബി കോളേജിൽ 2021 ഡിസംബറിൽ തുടങ്ങുന്ന പി.എസ്.സി. അംഗീകരിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് (സി.എൽ.ഐ.എസ്.സി – 6 മാസം) കോഴ്സിനും സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് (സി.സി.എ – 3 മാസം) കോഴ്സിനും അപേക്ഷിക്കാം. അപേക്ഷ, പ്രോസ്പെക്ടസ് എന്നിവ വെബ്സൈറ്റിൽ (www.ksmdbc.ac.in) ലഭ്യമാണ്. യോഗ്യത : പ്ലസ് ടു, പ്രായപരിധി ഇല്ല, ക്ലാസ്: ശനി, ഞായർ, അവധി ദിവസങ്ങളിൽ. മറ്റ് കോഴ്സുകൾ ചെയ്യുന്നവർക്കും ജോലി ഉള്ളവർക്കും അപേക്ഷിക്കാം. അവസാന തീയതി 2021 ഡിസംബർ 31.കൂടുതൽ വിവരങ്ങൾക്ക് : 9446475975.

## സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് – അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല സെന്റർ ഫോർ അഡൽട്ട് കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ആന്റ് എക്സ്റ്റൻഷന്റെ കീഴിൽ പെരിങ്ങമ്മല ഇക്ബാൽ കോളേജിൽ നടത്തിവരുന്ന സർട്ടിഫിക്കറ്റ് ഇൻ കമ്പ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് (സി.സി.എ.) മൂന്നുമാസക്കാലയളവുള്ള കോഴ്സിലേക്ക് 2021–22 വർഷത്തേക്കുള്ള അഡ്മിഷന് അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി. കൂടുതൽ വിവരങ്ങൾക്ക് കൊമേഴ്സ് ഡിപ്പാർട്ട്മെന്റിൽ ബന്ധപ്പെടുക. ഫോൺ: 9446468897, 6282382887

തിരുവനന്തപുരം,
10.12.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ